Rs. 20/- **Keraleeyam** 2009 April **Election Special** Registered KL/CR/TCR/353/2009-11 Posted at Thrissur RMS/2 on 20 & 21/4/2009


# തെരഞ്ഞെടുപ്പിലെ അരാഷ്ട്രീയത

എസ്. മുഹമ്മദ് ഇർഷാദ്

സീറ്റ് തർക്കവും സ്ഥാനാർത്ഥി നിർണ്ണയവും പാർലമെന്ററി ജനാധിപത്യത്തിൽ ഏറ്റവും സങ്കീർണ്ണമായ പ്രക്രിയയാണ് എന്ന് വ്യക്തമാകുന്നത് തിരഞ്ഞെടുപ്പ് അടുക്കുമ്പോഴാണ്. സ്ഥാനാർത്ഥി നിർണ്ണയത്തിന്റെ അടിസ്ഥാനതത്വം അതാണ് പാർട്ടികളുടെ രാഷ്ട്രീയ പ്രത്യയശാസ്ത്രമല്ല എന്നതാണ് പ്രത്യേകത. ഒരു രാഷ്ട്രീയ പാർട്ടിയും ഇന്ന് പാർട്ടിയുടെ പ്രത്യയശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയല്ല സ്ഥാനാർത്ഥി നിർണ്ണയം നടത്തുന്നത്. ഇവിടെ എല്ലാവർക്കും അറിയാവുന്നത് പോലെ ജനാധിപത്യത്തിൽ തികച്ചും ഉപരിപ്ലവമെന്ന് കരുതുന്ന മത-ജാതി-സാമ്പത്തിക താല്പര്യങ്ങൾക്ക് എന്തുകൊണ്ട് മുൻതൂക്കം ലഭിക്കുന്നു എന്നതാണ് പഠിയ്ക്കേണ്ടത്. ഇടതുപാർട്ടികൾക്ക്വരെ ഈ ചട്ടകുടിനെഭേദിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് അറുപത് വർഷത്തെ പാർലമെന്ററി ജനാധിപത്യത്തിന്റെ പരാജയത്തെ കൂടി ചൂണ്ടികാണിയ്ക്കുന്നുണ്ട്. ഈ പരാജയത്തെ കുറിച്ച് പൊതുസമൂഹം എത്രത്തോളം ബോധവാൻമാരാണ് എന്നതാണ് ഇതിന്റെ മറുവശം. മാത്രവുമല്ല ഏതെങ്കിലുമൊരു രാഷ്ട്രീയാദർശത്തെ അടിസ്ഥാനമാക്കി തിരഞ്ഞെടുപ്പിനെസമീപിയ്ക്കുന്ന രീതിയിൽ നിന്ന് രാഷ്ട്രീയ പാർട്ടികൾ വോട്ടർമാരെ അകറ്റി എന്നത് മറ്റൊരു യാഥാർത്ഥ്യം. ഇത് രണ്ടിനുമിടയിലാണ് ഇന്നത്തെ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ സ്ഥാനം. വോട്ടർമാരെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ അവബോധത്തിന്റെ അടിസ്ഥാനത്തിൽ വോട്ട് ചെയ്യുക എന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടു. തിരഞ്ഞെടുപ്പിൽ എന്ത് രാഷ്ട്രീയപ്രശ്നമാണ് പാർട്ടികൾ പൊതുജനത്തിന് മുന്നിൽ വയ്ക്കുന്നത്? മാത്രവുമല്ല, പലപ്പോഴും ഗൗരവമായ പ്രശ്നങ്ങളെ വ്യാഖ്യാനിക്കുന്നതിൽ പാർട്ടികൾ പരാജയപ്പെടാറുമുണ്ട്. ആണവകരാർ തന്നെയാണ് ഒരുദാഹരണം. ഇടതുകക്ഷികൾ കരാറിനെതിരായ ഉയർത്തിയ വിമർശനങ്ങളുടെ മുനയൊടിച്ചത് ഈ കരാർ മുസ്ലീം വിരുദ്ധമാണ് എന്ന് സി.പി.എം. നേതാവിന്റെ വ്യാഖ്യാനമാണ്. അതുകൊണ്ടാണ് പാർലമെന്റിൽ സച്ചാർ കമ്മീഷന്റെ കണ്ടെത്തലുകൾ ഉയർത്തികാട്ടി ഹൈദ്രാബാദുകാരനായ എം.പി. ഇടതുപക്ഷത്തെ നേരിട്ടത്. പാർട്ടിയെ പ്രതികൂട്ടിലാകുന്ന ഇത്തരം ആരോപണങ്ങളെ പ്രതിരോധിക്കാനാകാതെ പോകുന്നിടത്താണ് പാർലമെന്ററി ഇടതുപക്ഷത്തിന്റെ പ്രതിസന്ധി തുടങ്ങുന്നത്.

അധികാരവും ഭരണവും രണ്ടായി തീരുന്നില്ല എന്നതാണ് ഇത്തരം തീരുമാനമെടുക്കാൻ ഇൻഡ്യയിലെ രാഷ്ട്രീയ പാർട്ടികളെ പ്രേരിപ്പിക്കുന്നത്. പാർട്ടികളുടെ രാഷ്ട്രീയ പ്രത്യശാസ്ത്രത്തേക്കാൾ പ്രധാനം നിലനിൽക്കുന്ന നിയോ-ലിബറൽ നയങ്ങളോട് കൂറുപ്രഖ്യാപിക്കുക എന്നതാണ് ഒരു രാഷ്ട്രീയ പ്രത്യശാസ്ത്രത്തിന്റെ പിന്തുണയില്ലാതെ തന്നെ ഇന്ന് ഏത് രാഷ്ട്രീയ പാർട്ടികൾക്കും അധികാരത്തിലെത്താം എന്നതാണ് ഇന്നത്തെ പ്രത്യേകത. മറ്റൊരു തരത്തിൽ പറഞ്ഞാൽ പാർലമെന്ററി എക്സിക്യൂട്ടീവുകളുടെ ഒരു നിരയെ സൃഷ്ടിച്ചെടുക്കാൻ പാകത്തിൽ രാഷ്ട്രീയ പാർട്ടികൾ പരുവപ്പെട്ടിരുന്നു. അതുകൊണ്ടാണ് ഇൻഡ്യൻ പാർലമെന്റിലെ വിരലിലെണ്ണാവുന്നവർ ഒഴിച്ചാൽ എല്ലാവരും കോടീശ്വരൻമാരാകുന്നത്. വൻവ്യവസായികളും കോർപറേറ്റ് തലവൻമാരും ഇന്ന് പാർലമെന്റ് മെമ്പർമാരാണ്. പാർലമെന്ററിൽ പ്രതിനിധീകരിക്കപ്പെടുന്നത് ഭൂരിപക്ഷം വരുന്ന ദാരിദ്ര്യജനവിഭാഗങ്ങളെയാണ് എന്ന് സാമാന്യധാരണയെ തിരുത്തേണ്ടതുണ്ട്. തിരഞ്ഞെടുപ്പ് പ്രചരണ രംഗത്ത് പോലും ഇന്ന് തീവ്രമായ രാഷ്ട്രീയ പ്രശ്നമല്ല ചർച്ച ചെയ്യപ്പെടുന്നത്. അരാഷ്ട്രീയതയിലേയ്ക്കുള്ള പ്രകടമായ മാറ്റമാണ് ഇന്നത്തെ തിരഞ്ഞെടുപ്പ് രംഗം വ്യക്തമാക്കുന്നത്. പൊതുസാമൂഹിക പ്രശ്നങ്ങളെക്കാൾ പ്രധാനം നവ-ലിബറൽ സംവിധാനത്തിലെ കോർപറേറ്റ് താല്പര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നത്.

**വരയും വരിയും** റഫീക് അഹമ്മദ്




Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor: K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com